## 989

പാപമില്ലാ നായകൻ യേശുദേവൻ മാത്രം
പാപമെല്ലാം നീക്കിയതും യേശുനാഥൻ താനേ

1 പാതകരായ് നാമിരുന്ന കാലമതിൽ നമ്മെ
നീതിമാന്മാരാക്കുവാനായ് യേശു താൻ മരിച്ചു-

2 ഭേദമില്ലാ രീതിയിൽ നാം വാണിടുവാനായ്
താതനോടു യാചനം ചെയ്തിടുന്നവനിന്നും-

3 ഭൂതലത്തിൽ നിന്നഖില ബാധകളും നീക്കി
നീതിയോടെ വാഴുവതിന്നേശു താൻ വരുന്നു-

4 നീതിയിൻ തീർപ്പതിനുള്ള കാലമതിവേഗ-
മായണയുന്നായതിനാൽ നാമുണർന്നിരിക്കാം- K.V.S.